# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1353

02.03.2017- ൽ
മറുപടിയ്ക്ക്

## മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ

ചോദ്യം
ശ്രീ.പി.ഉബൈദുള്ള

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) മലപ്പുറം സർക്കാർ വനിതാ കോളേജിനായി സർക്കാർ ഉത്തരവായ ഭൂമി നിലവിൽ കെ.എസ്.ഐ.ഡി.സി 90 വർഷത്തേയ്ക്ക് ഇൻകൽ കെ.എസ്.ഐ.ഡി.സി പ്രോജക്ട് ലിമിറ്റഡ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയ ഭൂമിയിൽപ്പെട്ടതാണ്. കോളേജിന് ഭൂമി അനുവദിക്കുന്നതിനായി പതിവ്/ കൈമാറ്റ നടപടികൾക്കുള്ള, ഭൂമി സംബന്ധമായ രേഖകൾ സഹിതം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ബി) കോളേജിന് സ്ഥലം അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും അത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിലുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | |
| (സി) ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) ഉണ്ട്. നിലവിൽ കെ.എസ്.ഐ.ഡി.സിയിൽ നിന്നും ഇൻകൽ പാട്ടത്തിനെടുത്തിട്ടുള്ള ഭൂമിയിലെ പാട്ടക്കരാർ വിട്ടൊഴിയുന്ന/ കൈമാറുന്ന മുറയ്ക്ക് മാത്രമേ പതിവ്/ഭൂമി കൈമാറ്റ നടപടികൾ സാദ്ധ്യമാകൂ. |
| (ഡി) എം. എൽ.എ യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും കെട്ടിട നിർമ്മാണത്തിന് മൂന്ന് കോടി രൂപ അനുവദിച്ചിട്ടും സ്ഥലമെടുപ്പ് പൂർത്തീകരിച്ച് ഭൂമി കൈമാറാത്തതു കാരണം ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഭരണാനുമതി ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) എങ്കിൽ സ്ഥലമെടുപ്പ് നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനും കോളേജ് നിർമ്മിക്കുന്നതിന് ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ? | (ഇ) കെ.എസ്.ഐ.ഡി.സി യിൽ നിന്നും നിലവിലുള്ള പാട്ട കരാർ റദ്ദാക്കി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ